## സർവ്വശിക്ഷാ അഭിയാൻ പദ്ധതി

145 (2864) ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വശിക്ഷാ അഭിയാൻ വിദ്യാഭ്യാസ പദ്ധതി സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട് ;

(ബി) ഏതൊക്കെ സ്റ്റാൻഡേർഡുകളിലാണ് ഈ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് ;

(സി) ഈ പദ്ധതിക്ക് കേന്ദ്ര മുതൽ മുടക്കിന്റെ തോത് എത്രയാണ് ; സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്നും ഈ വർഷം ലഭിക്കേണ്ട വിഹിതം പൂർണ്ണമായും ലഭിച്ചുവോ ;

(ഡി) ഇല്ലെങ്കിൽ എന്ത് കൊണ്ട് ലഭിച്ചിട്ടില്ല ;

(ഇ) കേന്ദ്ര വിഹിതം പൂർണ്ണമായും നേടിയെടുക്കാൻ കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഒന്നു മുതൽ എട്ടു വരെ സ്റ്റാൻഡേർഡുകളിൽ.

(സി) ഒൻപതാം പഞ്ചവത്സര പദ്ധതി കാലത്ത് പദ്ധതി അടങ്കലിന്റെ 85 ശതമാനവും പത്താം പഞ്ചവത്സര പദ്ധതിക്കാലത്ത് പദ്ധതി അടങ്കലിന്റെ 75 ശതമാനവും അതിനുശേഷം പദ്ധതി അടങ്കലിന്റെ 50 ശതമാനവും കേന്ദ്ര മുതൽ മുടക്ക്. ഈ വർഷം (2003-04) 12742.87 ലക്ഷം രൂപയുടെ പദ്ധതി അടങ്കലാണ് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ളത്. ഇതിൽ നിന്നും ആദ്യ ഗഡുവായി 2466 ലക്ഷം രൂപ കേന്ദ്ര വിഹിതമായി അനുവദിച്ചിട്ടുണ്ട്.

(ഡി&ഇ) ഒരു വർഷം കേന്ദ്ര വിഹിതം ലഭിക്കുന്നത് രണ്ട് തവണയായിട്ടാണ്. ഒന്നാം ഗഡുവായി ലഭിക്കുന്ന കേന്ദ്ര വിഹിത തുകയുടെ 25 ശതമാനം സംസ്ഥാന വിഹിതം ലഭ്യമാക്കുകയും ഈ മൊത്തം തുകയുടെ 50 ശതമാനം ചെലവഴിച്ചതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് കേന്ദ്രത്തിന് സമർപ്പിക്കുകയും ചെയ്യുമ്പോഴാണ് രണ്ടാം ഗഡു ലഭിക്കുന്നത്. ഇപ്പോൾ ലഭിച്ച കേന്ദ്ര വിഹിതത്തിന്റെ ആനുപാതികമായ 25 ശതമാനം സംസ്ഥാന വിഹിതം ലഭ്യമാക്കാനും അത് വിനിയോഗിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## എസ്. എസ്.എ. പദ്ധതിയുടെ പ്രവർത്തനവും കാലാവധിയും

146 (2865) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) എസ്.എസ്.എ. പദ്ധതി പ്രകാരം കേരളത്തിന് ഇതുവരെ എത്ര രൂപയാണ് ലഭിച്ചിട്ടുള്ളത് ; ഇതിൽ ഓരോ ജില്ലയ്ക്കും എത്ര രൂപ വീതം അനുവദിച്ചുവെന്നും ആയത് ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടിയാണ് ചെലവഴിച്ചതെന്നും അറിയിക്കാമോ ;

(ബി) എസ്. എസ്.എ.യിൽ വിവിധ തസ്തികകളിലായി എത്ര അദ്ധ്യാപകരെ നിയമിച്ചു ; അനദ്ധ്യാപകരായ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര പേരെ ; എത്ര പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ ; ഇതിൽ എത്രപേർ പ്രൈമറി വിഭാഗത്തിൽപ്പെട്ടവരാണ് ;

(സി) എസ്.എസ്.എ. പദ്ധതിയുടെ കാലാവധി എത്രവർഷമാണ് ; ആവശ്യമായ മുഴുവൻ പേരെയും നിയമിച്ചിട്ടില്ലെങ്കിൽ പദ്ധതിക്ക് ഉദ്ദേശിച്ച ഫലം കിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) എസ്.എസ്.എ. പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും ഇതുവരെ 4259.26 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ഈ തുകയും സംസ്ഥാന വിഹിതമായി ലഭിച്ച 1062.77 രൂപയും കൂടി ചേർത്തുള്ള 5322.03 ലക്ഷം രൂപയിൽ നിന്നും ജില്ലകൾക്ക് താഴെ പറയും വീതം ഫണ്ട് അനുവദിച്ചിട്ടുണ്ട്:-

| | | | (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 1. | തിരുവനന്തപുരം | - | 315.00 |
| 2. | കൊല്ലം | - | 414.50 |
| 3. | പത്തനംതിട്ട | - | 240.00 |
| 4. | ആലപ്പുഴ | - | 339.50 |
| 5. | കോട്ടയം | - | 364.50 |
| 6. | ഇടുക്കി | - | 210.00 |
| 7. | എറണാകുളം | - | 399.50 |
| 8. | തൃശൂർ | - | 399.50 |
| 9. | പാലക്കാട് | - | 165.00 |
| 10. | മലപ്പുറം | - | 385.00 |
| 11. | കോഴിക്കോട് | - | 605.00 |
| 12. | വയനാട് | - | 133.00 |
| 13. | കണ്ണൂർ | - | 430.00 |
| 14. | കാസർഗോഡ് | - | 160.00 |

ഈ തുക പ്രധാനമായും നിർമ്മാണ പ്രവർത്തനങ്ങൾക്കും വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിനും വേണ്ടിയാണ് ചെലവഴിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എസ്.എസ്.എ.-യിൽ ഹൈസ്കൂൾ വിഭാഗത്തിൽ 395 പേരേയും പ്രൈമറി വിഭാഗത്തിൽ 257 പേരേയും ട്രയിനർമാരായി നിയമിച്ചിട്ടുണ്ട്. അനദ്ധ്യാപകരെ ആരേയും നിയമിച്ചിട്ടില്ല.

പ്രൊട്ടക്റ്റഡ് ഹൈസ്കൂൾ വിഭാഗത്തിൽ 175 പേരെയും പ്രൊട്ടക്റ്റഡ് പ്രൈമറി വിഭാഗത്തിൽ 106 പേരെയും ട്രയിനർമാരായി നിയമിച്ചിട്ടുണ്ട്.

ജില്ലാതല ട്രെയിനർമാരുടെ കണക്ക് ഇപ്രകാരമാണ്:

| | ഹൈസ്കൂൾ | പ്രൈമറി |
|---|---|---|
| കൊല്ലം | 72 | 36 |
| പത്തനംതിട്ട | 15 | 30 |
| ആലപ്പുഴ | 53 | 24 |
| കോട്ടയം | 53 | 26 |
| എറണാകുളം | 37 | 26 |
| തൃശ്ശൂർ | 38 | 26 |
| കോഴിക്കോട് | 55 | 45 |
| കണ്ണൂർ | 72 | 44 |
| ആകെ | 395 | 257 |

അദ്ധ്യാപക വിഭാഗത്തിൽനിന്നും നാല് പേരെ പ്രോജക്ട് ഓഫീസർമാരായും നാലുപേരെ പ്രോഗ്രാം ഓഫീസർമാരായും 134 പേരെ ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരായും നിയമിച്ചിട്ടുണ്ട്.

(സി) 2010-ൽ ആണ് എസ്.എസ്.എ. പദ്ധതി അവസാനിക്കുന്നത്. ഇപ്പോൾ നിയമിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥരുടെ സഹായത്താൽ പദ്ധതി തടസ്സം കൂടാതെ നടപ്പാക്കിവരുന്നു. എന്നിരുന്നാലും ഒഴിവുള്ള തസ്തികകളിലേക്കുള്ള നിയമനം ഉടൻ നടത്താനും നടപടി സ്വീകരിച്ചിട്ടുണ്ട്.

**എസ്. എസ്.എ. പദ്ധതി വിഹിതം വിനിയോഗിക്കുന്നതിനായി ജില്ലാതല സമിതി**

147 (2866) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എസ്.എ. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കേന്ദ്ര സംസ്ഥാന ഫണ്ട് വിഹിതം ഏതനുപാതത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ സംസ്ഥാന വിഹിതം ഏത് വകുപ്പ് വഴിയാണ് ചെലവഴിക്കുന്നതെന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly